**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178** **12-02-2024 - ൽ മറുപടിയ്ക്ക്**

**ശാസ്ത്രീയ മാലിന്യസംസ്കരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്തൃ സംസ്കാരത്തിന്റെ വ്യാപനവും നൂതനജീവിതശൈലിയും കാരണം ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും തരവും ഗണ്യമായി വർദ്ധിച്ചുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ജീവിത ശൈലി മാറ്റത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവും തരവും തിട്ടപ്പെടുത്തുന്നതിനുവേണ്ടിയുള്ള പഠനം കേരള സോളിഡ് വേസ്റ്റ് മാനേജ് മെന്റ് പ്രോജക്റ്റിന്റെ ഭാഗമായി നടത്തിവരുന്നു. 63 നഗരസഭകളിൽ ക്വാണ്ടിഫിക്കേഷൻ സർവ്വേ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി നഗരസഭകളിൽ പ്രവർത്തി പുരോഗമിക്കുന്നു. |
| (ബി) | 2025 മാർച്ച് അവസാനത്തോടെ സംസ്ഥാനത്തുടനീളം എല്ലാ മാലിന്യങ്ങളുടെയും സംസ്കരണം വികേന്ദ്രീകൃതമായി ഉറപ്പാക്കുന്ന ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം രൂപപ്പെടുത്തുന്നതിന് പദ്ധതി വികസിപ്പിച്ചെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്<br><br>മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ കൂടി ഭാഗമായി വികേന്ദ്രീകൃത ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പ് വരുത്തുന്നതിനായി പ്രോജക്ടുകൾ വച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർബന്ധമായും അവ പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് സമയ പരിധി ദീർഘിപ്പിച്ച് നല്കിയിരുന്നു .കൂടാതെ സനിറ്ററി, ബേബി & അഡൾറ്റ് ഡയപ്പർ /ഗാർഹിക ബ്യോ മേഡിക്കൽ/ ലോഹാവശിഷ്ടങ്ങൾ /മുടി / പുനചംക്രമണ യോഗ്യമായ പ്ലാസ്റ്റിക്ക് / പനഃചംക്രമണം സാധ്യമല്ലാത്ത റിജക്ടസ് / നിർമ്മാരണ്ണാവശിഷ്ടങ്ങൾ / ഇലക്ട്രോണിക്ക് മുതലായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ഏജൻസികളെ എംപാനൻ ചെയ്യുന്നതിലേയ്ക്ക് Expression of Interest (EoI)ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ സാനിറ്ററി ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിന് 50 പ്രൊജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. നിർമ്മാണാവശിഷ്ടങ്ങൾ (Construction & Demolition waste – C&D Waste) കൈകാര്യം |

| | | | | |
|---|---|---|---|---|
| | | | | ചെയ്യുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്വച്ഛ്ഭാരത് മിഷനിൽ ഉൾപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പുനഃചംക്രമണ സാധ്യമായ മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ക്ലീൻ കേരള കമ്പനിയും സ്വകാര്യ ഏജൻസികളും ചേർന്ന് പ്രതിമാസം ഏകദേശം 8000 ടൺ മാലിന്യങ്ങൾ ശേഖരിക്കുന്നു. സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനായി ഒരു ജില്ലയിൽ കുറഞ്ഞത് 2 ഡബിൾ ചേബർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉറവിടത്തിൽ സംസ്കരിക്കാൻ സാധിക്കാത്തവർക്ക് കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 35554 ഹരിത കർമ്മ സേന അംഗങ്ങൾ വാതിൽപ്പടി ശേഖരണ പ്രവർത്തനം നടത്തി വരുന്നു.<br><br>ഇതിനു പുറമേ നിലവിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം വിപുലപ്പെടുത്തുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമായി ഈ സാമ്പത്തിക വർഷം താഴെ പറയുന്ന പ്രോജക്റ്റുകൾ അംഗീകരിച്ച് നല്കിയിട്ടുണ്ട്<br><br>മിനി MCF മായി ബന്ധപെട്ട പ്രൊജക്റ്റ്കൾ - 488<br><br>MCF കളുമായി ബന്ധപെട്ട പ്രൊജക്റ്റ്കൾ - 2183<br><br>RRFമായി ബന്ധപെട്ട പ്രൊജക്റ്റ്കൾ - 228<br><br>ഗാർഹിക – കമ്മ്യൂണിറ്റി കമ്പോസ്റ്റ് സംവിധാനങ്ങളുമായി ബന്ധപെട്ട പ്രൊജക്റ്റ്കൾ - 1561<br><br>സാനിട്ടറി മാലിന്യ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപെട്ട പ്രൊജക്റ്റ്കൾ - 720<br><br>ശുചിത്വ മാലിന്യ സംസ്കരണത്തിനുള്ള മറ്റ് പ്രൊജക്ടുകൾ - 32876<br><br>RDF Plant-കൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി വരുന്നു. C&D Waste Collection Facility-കൾ സ്ഥാപിക്കുന്നതിന് 2 കോർപ്പറേഷനുകളിൽ സ്വച്ഛ് ഭാരത് മിഷനിൽ (SBM) പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രാദേശിക മാലിന്യങ്ങളുടെ ശേഖരണം, നിർമ്മാർജനം, സംസ്കരണം എന്നിവ പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പ്രാദേശികമായി മാലിന്യശേഖരണം, നിർമാർജനം, സംസ്കരണം എന്നിവ പൂർണമായും ഡിജിറ്റൽ പ്ലാറ്റ് ഫോമിലേയ്ക്ക് മാറ്റുന്നതിന് ഹരിതമിത്രം ആപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഹരിതമിത്രം ആപ്പ് വഴി വീടുകൾ, സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങളെക്കുറിച്ച് അറിവ് ലഭിക്കും.. വാർഡ് തലം മുതൽ സംസ്ഥാന തലം വരെ ഈ പ്രവർത്തനങ്ങളെല്ലാം ഹരിതമിത്രം ആപ്പ് എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിന് കീഴിൽ ഏകോപിപ്പിക്കുന്നു.<br><br>ഇത് കൂടാതെ സർവേലൻസ് ക്യാമറകളെയും മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ GPS ട്രാക്കിംഗ് സംവിധാനത്തെയും നിരീക്ഷിച്ചുകൊണ്ട് നടപടി എടുക്കുന്നതിനുള്ള IOT സംവിധാനവും തയ്യാറായി വരുന്നു.<br><br>മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഒന്നാം ഘട്ടത്തിൽ 376 തദ്ദേശ സ്ഥാപനങ്ങളിലും, രണ്ടാം ഘട്ടത്തിൽ 216 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, മൂന്നാം ഘട്ടത്തിൽ നാളിതുവരെ 257 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതമിത്രം ആപ്ലിക്കേഷൻ വിന്യസിപ്പിച്ചിട്ടുണ്ട്. 127 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടി ആപ്ലിക്കേഷൻ വിന്യസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. 17 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വകാര്യ സ്ഥാപനങ്ങളുടെ ആപ്ലിക്കേഷൻ മുഖേനയാണ് നിരീക്ഷിക്കുന്നത്. ശേഷിക്കുന്ന 41 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2024 മാർച്ച് 31 നകം ഹരിതമിത്രം ആപ്ലിക്കേഷൻ വിന്യസിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | മാലിന്യ സംഭരണം, നീക്കം ചെയ്യൽ, റീസൈക്ലിംഗ് എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലൂടെയുള്ള പ്രവർത്തനങ്ങൾ വാർഡ് മുതൽ സംസ്ഥാനതലം വരെ ഏകോപിപ്പിക്കാൻ ഹരിത മിത്രം ആപ്പിലൂടെ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | സാധിക്കുന്നതാണ്.<br><br>ടി ആപ്ലിക്കേഷൻ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വിന്യസിപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാന തലത്തിൽ ഏകോപിക്കാൻ സാധിക്കുന്നതാണ്.<br><br>വാർഡ്, തദ്ദേശഭരണ തലത്തിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും പരാതി പരിഹരിക്കാനും സാധിക്കുന്നതാണ്. കൂടാതെ ഓരോ തദ്ദേശസ്ഥാപനത്തിലും നടക്കുന്ന മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ ദൈനംദിന പുരോഗതി വിലയിരുത്താനും വേണ്ട നിർദ്ദേശങ്ങൾ തൽസമയം നൽകാനും സാധിക്കും. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രവർത്തനങ്ങൾ വിലയിരുത്താനും പറ്റും. |

സെക്ഷൻ ഓഫീസർ